# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18.07.2026**

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായുള്ള സർവകക്ഷി യോഗം നാളെ ന്യൂഡൽഹിയിൽ.
2. രാജ്യത്തിന് അഭിമാനമായി ആദ്യത്തെ സ്വകാര്യ ഓർബിറ്റൽ റോക്കറ്റ് വിക്രം-1 ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചു.
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് അടുത്തമാസം 18 ന് തുടക്കമാകും.
4. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ മുന്നേറ്റമാണ് ലഹരിക്കെതിരായ ഓപ്പറേഷൻ തൂഫാനെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.
5. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. നാലു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനു സാധ്യതയുണ്ടെന്നും മുന്നറിയിപ്പ്.
6. ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ ഫൈനൽ മത്സരം നാളെ ലോർഡ്സിൽ.

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. ഈ മാസം 25 വരെ മാൾഡോവ, നോർത്ത് മാസിഡോണിയ, റൊമാനിയ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുക.

RIJU TVPM

## പാർലമെൻറ് - വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി നാളെ ന്യൂഡൽഹിയിൽ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് സർക്കാർ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടും. മറ്റന്നാൾ മുതൽ അടുത്ത മാസം 13 വരെയാണ് വർഷകാല സമ്മേളനം നടക്കുക. സമ്മേളനത്തിനിടെ, നിരവധി സുപ്രധാന നിയമനിർമ്മാണങ്ങൾ ചർച്ചയ്ക്കെടുക്കുകയും പാസാക്കുകയും ചെയ്യും.

## വിക്രം റോക്കറ്റ്

ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ഓർബിറ്റൽ റോക്കറ്റ് വിക്രം-1 ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിച്ചു. 'മിഷൻ ആഗമൻ ' ദൗത്യത്തിന്റെ ഭാഗമായി ഹൈദരാബാദ് ആസ്ഥാനമായുള്ള സ്കൈറൂട്ട് എയ്റോസ്പേസ് ആണ് റോക്കറ്റ് വികസിപ്പിച്ചത്. രാജ്യത്തെ ബഹിരാകാശ മേഖലയിൽ പുതിയ അവസരങ്ങൾ തുറക്കാൻ ഇത്തരം ദൗത്യത്തിലൂടെ സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

RIUTVPM

## സോനം വാങ്ചുക്ക്

ന്യൂഡൽഹിയിലെ ജന്തർ മന്തറിൽ ദിവസങ്ങളായി നിരാഹാര സമരം നടത്തിവരികയായിരുന്ന സാമൂഹിക പ്രവർത്തകൻ സോനം വാങ്ചുക്കിനെ ആശുപത്രിയിലേക്ക് മാറ്റി. ആരോഗ്യനില വഷളായതിനെത്തുടർന്ന്, വിദഗ്ധ വൈദ്യോപദേശവും ഡൽഹി ഹൈക്കോടതി ഉത്തരവും കണക്കിലെടുത്താണ് മതിയായ ചികിത്സയ്ക്കായി അദ്ദേഹത്തെ മാറ്റിയതെന്ന് ന്യൂഡൽഹി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ സച്ചിൻ ശർമ്മ അറിയിച്ചു.

## മുഖ്യമന്ത്രി - വിഴിഞ്ഞം എക്സിം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് അടുത്തമാസം 18 മുതൽ സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമാകും. ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും. ഇതോടെ സമ്പൂർണ അന്താരാഷ്ട്ര ചരക്ക് കവാടമായി വിഴിഞ്ഞം മാറുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള വാർത്താക്കുറിപ്പിൽ വ്യക്തമാക്കുന്നു. ഇതോടനുബന്ധിച്ച് 'മിഷൻ സമുദ്ര' വ്യവസായ ഉച്ചകോടിയും സംഘടിപ്പിക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## മുഖ്യമന്ത്രി - ടൗൺ ബൈപ്പാസ്

വർഷങ്ങളുടെ കാത്തിരിപ്പിന് വിരാമമിട്ട് കോട്ടയം കടുത്തുരുത്തി ടൗൺ ബൈപ്പാസ് മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് നാടിന് സമർപ്പിക്കും. 35 കോടി രൂപ ചെലവിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ബൈപ്പാസ് തുറക്കുന്നതോടെ, എറണാകുളം–കോട്ടയം സംസ്ഥാനപാതയിലെ യാത്രാ ക്ലേശത്തിന് വലിയ ആശ്വാസമാകും. ഫ്ലൈഓവർ, രണ്ട് പാലങ്ങൾ, അടിപ്പാത എന്നിവയുൾപ്പെടെ പൂർണ്ണമായും ബി.എം ആൻഡ് ബി.സി നിലവാരത്തിലാണ് പാത നിർമ്മിച്ചിരിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## രമേശ് ചെന്നിത്തല (ഇൻട്രോ)

മയക്കുമരുന്ന് മാഫിയക്ക് എതിരായ ഓപറേഷൻ തൂഫാന് സംസ്ഥാനത്തുടനീളം വലിയ പിന്തുണയാണ് ലഭിക്കുന്നതെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ മുന്നേറ്റമാണിതെന്നും അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ തൂഫാൻ: ദി നാർക്കോ ഹണ്ട്ന്റെ ഭാഗമായി കണ്ണൂർ സിറ്റി പോലീസ് സംഘടിപ്പിച്ച ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
(ഹോൾഡ് വോയ്സ്)

❋❋❋❋❋❋❋❋❋❋❋❋❋

## ഓപ്പറേഷൻ തൂഫാൻ - കോഴിക്കോട്

ഓപ്പറേഷൻ തൂഫാനോട് അനുബന്ധിച്ചുള്ള കൊയിലാണ്ടി നിയോജക മണ്ഡല തല ക്യാമ്പയിൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇന്നുച്ചയ്ക്ക്

RIUTVPM

ഉദ്ഘാടനം ചെയ്യും. ചിങ്ങപുരം സി.കെ.ജി MHSS ൽ നടക്കുന്ന പരിപാടി യിൽ ഷാഫി പറമ്പിൽ എം പി പങ്കെടുക്കും.

## കമ്പം തേനി മലയോര പാത

പുനർനിർമ്മാണം പൂർത്തിയാക്കിയ കമ്പംമെട്ട്-കമ്പം മലയോര പാത തുറന്നു. തമിഴ്നാട്ടിലെ തേനി ജില്ലയെ കേരളത്തിലെ ഇടുക്കി ജില്ലയുമായി ബന്ധിപ്പിക്കുന്ന പ്രധാന മലയോര പാതകളി ലൊന്നായ കമ്പംമെട്ട് റോഡിന്റെ നിർമ്മാണ പ്രവർത്തനം ഒരു മാസം മുമ്പാണ് ആരംഭിച്ചത്. കോൺക്രീറ്റിങ്ങും പാലങ്ങളുടെ നിർമാണവും തുടരുന്നതിനാൽ ഭാര വാഹനങ്ങൾക്ക് 20 ദിവസത്തേക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ആറന്മുള വള്ളസദ്യ (ഇൻട്രോ)

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്ക് നാളെ തുടക്കമാകും. ചടങ്ങിന്റെ ഉദ്ഘാടനം നാളെ ഉച്ചയ്ക്ക് 12 ന് മന്ത്രി കെ.മുരളീധരൻ നിർവഹിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി മുഖ്യാതിഥി യാകും. ഇന്ന് രാവിലെ ക്ഷേത്രത്തിലെ പ്രധാന ഊട്ടുപുരയിൽ അടുപ്പിൽ അഗ്നിപകരൽ ചടങ്ങ് നടന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ**

**(വോയ്സ്)**

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പി ക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNUTVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയ ങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയ ങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും പങ്കുവയ്ക്കാം.

## മഴ - കേരളം

സംസ്ഥാനത്ത് മഴ ശക്തമാകുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ചു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

PNU TVPM

## രാജീവ് ചന്ദ്രശേഖർ

പവർ കട്ടിന് കാരണം മൺസൂൺ മഴയിലുണ്ടായ കുറവാണെന്ന് പറഞ്ഞ് സർക്കാരിന് കൈയ്യൊഴിയാനാവില്ലെന്ന് രാജീവ് ചന്ദ്രശേഖർ എംഎൽഎ. മുടക്കമില്ലാതെ വൈദ്യുതി നൽകാൻ സാധിക്കാത്തിടത്ത് നിക്ഷേപവും പുതിയ തൊഴിലവസരങ്ങളും സ്റ്റാർട്ടപ്പുകളും വളരില്ലെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

## ഫിഫ ലൂസേഴ്സ് ഫൈനൽ (ഇൻട്രോ)

ലോകകപ്പ് ഫുട്ബോളിലെ മൂന്നാം സ്ഥാനക്കാരെ നാളെ അറിയാം. ഇന്ത്യൻ സമയം പുലർച്ചെ 2.30ന് നടക്കുന്ന ലൂസേഴ്സ് ഫൈനലിൽ ഇംഗ്ലണ്ടും, ഫ്രാൻസും ഏറ്റുമുട്ടും.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് (ഹോൾഡ്)**

ഈ മാസം 20 ന് നടക്കുന്ന ഫൈനൽ പോരാട്ടത്തിൽ, ലോക ചാമ്പ്യൻ

മാരായ അർജൻറീന, യൂറോപ്യൻ കരുത്തരായ സ്പെയിനെ നേരിടും. അർജന്റീന 3 തവണയും സ്പെയിൻ ഒരു തവണയുമാണ് ലോകകപ്പ് കിരീടം നേടിയിട്ടുള്ളത്.

## ഇന്ത്യ-ഇംഗ്ലണ്ട് ഏകദിനം

ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാന ത്തെയും മത്സരം നാളെ. ഇന്ത്യൻ സമയം വൈകുന്നേരം 3.30ന് ലോർഡ്സി ലാണ് മത്സരം. പരമ്പരയിൽ ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരു ടീമു കൾക്കും പരമ്പര സ്വന്തമാക്കാൻ നാളത്തെ മത്സരം നിർണായകമാണ്.

## ഉമ്മൻ ചാണ്ടി സ്മൃതിദിനം

മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഉമ്മൻ ചാണ്ടിയുടെ മൂന്നാം ചരമവാർഷികം ഇന്ന്. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി അങ്കണത്തിൽ നടന്ന സ്മൃതി സമ്മേളനം എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണു ഗോപാൽ എം.പി. ഉദ്ഘാടനം ചെയ്തു. ഉമ്മൻ ചാണ്ടിയുടെ ഭരണകാലം ജനസേവനത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നെന്ന് അദ്ദേഹം പറഞ്ഞു.

RNU TVPM

## റയിൽവേ ടിക്കറ്റ് - പിഴ

'ജൻ വിശ്വാസ് (ഭേദഗതി) നിയമം, 2026'-ന് കീഴിൽ റയിൽവേയിൽ കർശന പരിശോധനകൾ. തിരുവനന്തപുരം ഡിവിഷനിലെ റെയിൽവേ ടിക്കറ്റ് പരിശോധനാ ഉദ്യോഗസ്ഥരുടെയും റെയിൽവേ സംരക്ഷണ സേനയുടെയും പരിശോധനയിൽ, സാധുവായ ടിക്കറ്റില്ലാതെ യാത്ര ചെയ്ത ഒരു യാത്രക്കാര നെതിരെ നടപടി യെടുത്തു. 600 രൂപ പിഴ അടയ്ക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് ഇയാൾക്ക് കൊല്ലം സ്പെഷ്യൽ ക്ലാസ് റെയിൽവേ മജിസ്ട്രേറ്റ് 7,000 രൂപ പിഴയും ഒരു ദിവസത്തെ തടവുശിക്ഷയും വിധിച്ചു.

## മൺസൂൺ ബമ്പർ

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മൺസൂൺ ബമ്പർ നറുക്കെടുപ്പ് ഇന്നുച്ചയ്ക്ക് രണ്ടു മണിക്ക് നടക്കും. വിവിധ ജില്ലകളിലായി ഇതിനകം 40 ലക്ഷം ടിക്കറ്റുകളാണ് വിറ്റഴിച്ചത്.

## ലോട്ടറി തട്ടിപ്പ്

സംസ്ഥാന ലോട്ടറിയുടെ പേരിൽ പ്രവർത്തിക്കുന്ന വ്യാജ വെബ്സൈറ്റുകളിൽ നിന്ന് ടിക്കറ്റ് വാങ്ങുകയോ പണം നൽകുകയോ ചെയ്യരുതെന്ന് ലോട്ടറി വകുപ്പ് ഡയറക്ടർ. വിവിധ ഫീസുകൾ, ജി എസ് ടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവ ക്കായി പണം ആവശ്യപ്പെട്ടാൽ തട്ടിപ്പാണെന്ന് മനസ്സിലാക്കേണ്ട താണ്. തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന ഹെൽപ് ലൈൻ നമ്പറിലോ cybercrime.gov.in എന്ന സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിലോ അറിയിക്കേണ്ടതാണ്.

RNUTVPM